©
കേരള സർക്കാർ
Government of Kerala
2025

Regn.No. KERBIL/2012/45073
dated 05-09-2012 with RNI
Reg No.KL/TV(N)/634/2021-2023

കേരള ഗസറ്റ്
KERALA GAZETTE
അസാധാരണം
EXTRAORDINARY

ആധികാരികമായി പ്രസിദ്ധപ്പെടുത്തുന്നത്
PUBLISHED BY AUTHORITY

വാല്യം 14
Vol. XIV

തിരുവനന്തപുരം,
തിങ്കൾ
Thiruvananthapuram,
Monday

2025 നവംബർ 17
17th November 2025
1201 വൃശ്ചികം 1
1st Vrischikam 1201
1947 കാർത്തികം 26
26th Karthika 1947

നമ്പർ
No.
4056

കേരള സർക്കാർ

നിയമ (നിയമനിർമ്മാണ-സി) വകുപ്പ്

വിജ്ഞാപനം

നമ്പർ 82/ലെഗ്. സി3/2025/നിയമം. *തിരുവനന്തപുരം, 2025 നവംബർ 13*
1201 തുലാം 27
1947 കാർത്തികം 22.

കേരള സംസ്ഥാന നിയമസഭയുടെ താഴെപ്പറയുന്ന ആക്റ്റ് പൊതുജനങ്ങളുടെ അറിവിലേക്കായി ഇതിനാൽ പ്രസിദ്ധപ്പെടുത്തുന്നു. നിയമസഭ പാസ്സാക്കിയ പ്രകാരമുള്ള ബില്ലിന് 2025 നവംബർ 11-ാം തീയതി ഗവർണ്ണറുടെ അനുമതി ലഭിച്ചു.

ഗവർണ്ണറുടെ ഉത്തരവിൻപ്രകാരം,

കെ. ജി. സനൽ കുമാർ,
നിയമ സെക്രട്ടറി.

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

2025-ലെ 15-ാം ആക്റ്റ്

2025-ലെ കേരള വ്യവസായ ഏകജാലക ക്ലിയറൻസ് ബോർഡുകളും വ്യവസായ നഗരപ്രദേശ വികസനവും (ഭേദഗതി) ആക്റ്റ്

1999-ലെ കേരള വ്യവസായ ഏകജാലക ക്ലിയറൻസ് ബോർഡുകളും വ്യവസായ നഗരപ്രദേശ വികസനവും ആക്റ്റ് വീണ്ടും ഭേദഗതി ചെയ്യുന്നതിനുള്ള

ഒരു

ആക്റ്റ്

പീഠിക.—1999-ലെ കേരള വ്യവസായ ഏകജാലക ക്ലിയറൻസ് ബോർഡുകളും വ്യവസായ നഗരപ്രദേശ വികസനവും ആക്റ്റ് ഇതിനുശേഷം കാണുന്ന ആവശ്യങ്ങൾക്കായി വീണ്ടും ഭേദഗതി ചെയ്യുന്നത് യുക്തമായിരിക്കുകയാൽ;

ഭാരത റിപ്പബ്ലിക്കിന്റെ എഴുപത്തിയാറാം സംവത്സരത്തിൽ താഴെപ്പറയും പ്രകാരം നിയമമുണ്ടാക്കുന്നു:—

1. ചുരുക്കപ്പേരും പ്രാരംഭവും.—(1) ഈ ആക്റ്റിന് 2025-ലെ കേരള വ്യവസായ ഏകജാലക ക്ലിയറൻസ് ബോർഡുകളും വ്യവസായ നഗരപ്രദേശ വികസനവും (ഭേദഗതി) ആക്റ്റ് എന്ന് പേര് പറയാം.

(2) ഇത് ഉടൻ പ്രാബല്യത്തിൽ വരുന്നതാണ്.

2. ദീർഘ ശീർഷകത്തിന്റെ ഭേദഗതി.—1999-ലെ കേരള വ്യവസായ ഏകജാലക ക്ലിയറൻസ് ബോർഡുകളും വ്യവസായ നഗരപ്രദേശ വികസനവും ആക്റ്റിന്റെ (2000-ലെ 5) (ഇതിനുശേഷം പ്രധാന ആക്റ്റ് എന്നാണ് പരാമർശിക്കപ്പെടുക) ദീർഘ ശീർഷകത്തിൽ "വേഗത്തിൽ നൽകുന്നതിനും" എന്ന വാക്കുകൾക്ക് ശേഷം "നിക്ഷേപം പ്രോത്സാഹിപ്പിക്കുന്നതിനും" എന്ന വാക്കുകൾ ചേർക്കേണ്ടതാണ്.

3. പീഠികയുടെ ഭേദഗതി.—പ്രധാന ആക്റ്റിലെ പീഠികയിൽ "സ്ഥാപിക്കേണ്ടത്" എന്ന വാക്കിന് പകരം "സ്ഥാപിക്കേണ്ടതും നിക്ഷേപം പ്രോത്സാഹിപ്പിക്കേണ്ടതും" എന്ന വാക്കുകൾ ചേർക്കേണ്ടതാണ്.

4. 2-ാം വകുപ്പിനുള്ള ഭേദഗതി.—പ്രധാന ആക്റ്റിലെ 2-ാം വകുപ്പിൽ, (ഐ) ഖണ്ഡത്തിനുശേഷം താഴെപ്പറയുന്ന ഖണ്ഡങ്ങൾ ചേർക്കേണ്ടതാണ്, അതായത്:—

"(ഐഎ) "കേരള ഇൻവെസ്റ്റ്മെന്റ് പ്രൊമോഷൻ ആന്റ് ഫെസിലിറ്റേഷൻ സെൽ" എന്നാൽ 2019-ലെ കേരള സൂക്ഷ്മ – ചെറുകിട - ഇടത്തരം വ്യവസായ സ്ഥാപനങ്ങളും ഇതര വ്യവസായ സ്ഥാപനങ്ങളും സുഗമമാക്കൽ ആക്റ്റിന്റെ (2019-ലെ 16) 6സി വകുപ്പ്

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

(2)-ാം ഉപവകുപ്പിൽ പരാമർശിച്ച പ്രകാരമുള്ള കേരള ഇൻവെസ്റ്റ്മെന്റ് പ്രൊമോഷൻ ആന്റ് ഫെസിലിറ്റേഷൻ സെൽ എന്നർത്ഥമാകുന്നു;

(ഐബി) "കേരള സംസ്ഥാന നിക്ഷേപ പ്രോത്സാഹന ബോർഡ്" എന്നാൽ 13ജി വകുപ്പ് പ്രകാരം രൂപീകരിച്ച കേരള സംസ്ഥാന നിക്ഷേപ പ്രോത്സാഹന ബോർഡ് എന്നർത്ഥമാകുന്നു;

(ഐസി) "കേരള സംസ്ഥാന നിക്ഷേപ പ്രോത്സാഹന നിരീക്ഷണ കമ്മിറ്റി" എന്നാൽ 13ഐ വകുപ്പ് പ്രകാരം രൂപീകരിച്ച കേരള സംസ്ഥാന നിക്ഷേപ പ്രോത്സാഹന നിരീക്ഷണ കമ്മിറ്റി എന്നർത്ഥമാകുന്നു;".

5. അദ്ധ്യായം II എ-യ്ക്ക് ശേഷം പുതിയ അദ്ധ്യായം ചേർക്കൽ.—പ്രധാന ആക്റ്റിലെ അദ്ധ്യായം II എ- യ്ക്ക് ശേഷം താഴെപ്പറയുന്ന അദ്ധ്യായം ചേർക്കേണ്ടതാണ്, അതായത്:—

"അദ്ധ്യായം II ബി

കേരള സംസ്ഥാന നിക്ഷേപ പ്രോത്സാഹന ബോർഡും കേരള സംസ്ഥാന നിക്ഷേപ പ്രോത്സാഹന നിരീക്ഷണ കമ്മിറ്റിയും

13 ജി. കേരള സംസ്ഥാന നിക്ഷേപ പ്രോത്സാഹന ബോർഡിന്റെ രൂപീകരണം.— (1) സർക്കാർ, ഗസറ്റ് വിജ്ഞാപനം വഴി, "കേരള സംസ്ഥാന നിക്ഷേപ പ്രോത്സാഹന ബോർഡ് " എന്ന പേരിൽ ഒരു ബോർഡ് രൂപീകരിക്കേണ്ടതാണ്.

(2) കേരള സംസ്ഥാന നിക്ഷേപ പ്രോത്സാഹന ബോർഡിൽ, താഴെപ്പറയുന്ന അംഗങ്ങൾ ഉണ്ടായിരിക്കേണ്ടതാണ്, അതായത്:—

(എ)	മുഖ്യമന്ത്രി	..	ചെയർപേഴ്സൺ
(ബി)	വ്യവസായ വകുപ്പ് മന്ത്രി	..	കോ-ചെയർപേഴ്സൺ
(സി)	ധനകാര്യ വകുപ്പ് മന്ത്രി	..	വൈസ് ചെയർപേഴ്സൺ
(ഡി)	റവന്യൂ വകുപ്പ് മന്ത്രി	..	വൈസ് ചെയർപേഴ്സൺ
(ഇ)	തൊഴിൽ വകുപ്പ് മന്ത്രി	..	വൈസ് ചെയർപേഴ്സൺ
(എഫ്)	തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രി	..	വൈസ് ചെയർപേഴ്സൺ
(ജി)	ഊർജ്ജ വകുപ്പ് മന്ത്രി	..	വൈസ് ചെയർപേഴ്സൺ
(എച്ച്)	ചീഫ് സെക്രട്ടറി	..	മെമ്പർ സെക്രട്ടറി

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

(ഐ)	ചെയർപേഴ്സൺ, കോൺഫെഡറേഷൻ ഓഫ് ഇൻഡ്യൻ ഇൻഡസ്ട്രി (കേരള സ്റ്റേറ്റ് കൗൺസിൽ)	..	അംഗം
(ജെ)	ചെയർപേഴ്സൺ, ഫെഡറേഷൻ ഓഫ് ഇൻഡ്യൻ ചേമ്പേഴ്സ് ഓഫ് കൊമേഴ്സ് ആന്റ് ഇൻഡസ്ട്രി (കേരള മേഖല)	..	അംഗം
(കെ)	ചെയർപേഴ്സൺ, കേരള സംസ്ഥാന വ്യവസായ വികസന കോർപ്പറേഷൻ	..	അംഗം
(എൽ)	പ്രിൻസിപ്പൽ സെക്രട്ടറി, വ്യവസായ വകുപ്പ്	..	കൺവീനർ.

13 എച്ച്. കേരള സംസ്ഥാന നിക്ഷേപ പ്രോത്സാഹന ബോർഡിന്റെ അധികാരങ്ങളും ചുമതലകളും.— കേരള സംസ്ഥാന നിക്ഷേപ പ്രോത്സാഹന ബോർഡ് താഴെപ്പറയുന്ന അധികാരങ്ങൾ വിനിയോഗിക്കുകയും ചുമതലകൾ നിർവ്വഹിക്കുകയും ചെയ്യേണ്ടതാണ്, അതായത്:—

(എ) ചെയർപേഴ്സൺ നിശ്ചയിക്കുന്ന സ്ഥലത്തും സമയത്തും യോഗം ചേരുകയും, കാര്യനിർവ്വഹണം നടത്തുകയും ചെയ്യുക;

(ബി) വ്യവസായ നയം നടപ്പിലാക്കുമ്പോൾ എന്തെങ്കിലും ബുദ്ധിമുട്ടുകൾ ഉണ്ടാകുന്നപക്ഷം അവ പരിഹരിക്കുന്നതിനുള്ള നടപടി സ്വീകരിക്കുക;

(സി) വ്യവസായ നയത്തിൽ പ്രഖ്യാപിച്ചിട്ടുള്ള ഇളവുകൾ അനുവദിച്ചു നൽകുന്നതിന് ഒരു ഏകോപിത തീരുമാനമെടുക്കുക;

(ഡി) വ്യവസായ നയത്തിൽ പ്രഖ്യാപിച്ച ഇളവുകൾക്ക് പുറമേ പ്രത്യേക സാഹചര്യത്തിൽ അനുവദിക്കേണ്ട സ്പെഷ്യൽ പാക്കേജുകൾ സംബന്ധിച്ച് തീരുമാനമെടുക്കുക;

(ഇ) പ്രത്യേക ആവശ്യങ്ങളോടെ വൻകിട നിക്ഷേപങ്ങൾ നടത്തുന്ന സംരംഭകർക്ക് നികുതി, റോയൽറ്റി, മൂലധന നിക്ഷേപങ്ങൾക്ക് വേണ്ട ഇളവുകൾ എന്നിവ പരിഗണിച്ച് അപ്രകാരമുള്ള പ്രത്യേക ആവശ്യങ്ങളിന്മേൽ നടപടി സ്വീകരിക്കുന്നതിനുള്ള തീരുമാനമെടുക്കുക;

(എഫ്) വ്യവസായ ആവശ്യത്തിനായി ഏറ്റെടുത്ത ഭൂമിയിൽ നിലനിന്നിരുന്നതും പ്രവർത്തനം നിലച്ചതുമായ വ്യവസായങ്ങൾ പുനരുജ്ജീവിപ്പിക്കുന്നതിനും പ്രസ്തുത വ്യവസായ ഭൂമിയിൽ പുതുതലമുറ

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

വ്യവസായങ്ങൾ ഉൾപ്പെടെയുള്ള വ്യവസായങ്ങൾ ആരംഭിക്കുന്നതിനും നടപടികൾ സ്വീകരിക്കുക;

(ജി) വൻകിട നിക്ഷേപകർക്ക് വ്യവസായ സ്ഥാപനങ്ങൾ ആരംഭിക്കുന്നത് സുഗമമാക്കുന്നതിനായി, വിവിധ വകുപ്പുകൾ തമ്മിൽ അഭിപ്രായ സമന്വയം ഉണ്ടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുക;

(എച്ച്) സംസ്ഥാനത്ത് വ്യവസായ സ്ഥാപനം ആരംഭിക്കുന്നതിനായി നിക്ഷേപം നടത്താൻ ഉദ്ദേശിക്കുന്ന ഏതൊരാൾക്കും കേരള സംസ്ഥാന നിക്ഷേപ പ്രോത്സാഹന ബോർഡ് മുമ്പാകെ നിക്ഷേപവുമായി ബന്ധപ്പെട്ട് ആവശ്യമായി വരുന്ന നിർദ്ദേശങ്ങൾക്കായി സമീപിക്കാവുന്നതും പ്രസ്തുത ബോർഡിന് അപ്രകാരമുള്ള ആളിന് നിർദ്ദേശങ്ങൾ നൽകാവുന്നതുമാണ്;

(ഐ) സർക്കാർ ലക്ഷ്യമിടുന്ന മുൻഗണനാ നിക്ഷേപ മേഖലകളിലേക്ക് സ്വദേശത്തും വിദേശത്തുമുള്ള നിക്ഷേപകരെ കണ്ടെത്തുന്നതിനായി അവരിലേക്കെത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുക.

വിശദീകരണം:—ഈ വകുപ്പിന്റെ ആവശ്യങ്ങൾക്കായി,—

(i) "വ്യവസായ നയം" എന്നാൽ അതാത് കാലത്ത് പ്രാബല്യത്തിലുള്ള സർക്കാർ പ്രഖ്യാപിക്കുന്ന വ്യവസായ നയം എന്നർത്ഥമാകുന്നു;

(ii) "വൻകിട നിക്ഷേപകർ" എന്നാൽ നൂറു കോടി രൂപയ്ക്ക് മുകളിലുള്ള മൂലധന നിക്ഷേപങ്ങൾ നടത്തുന്ന ആളുകൾ എന്നർത്ഥമാകുന്നു;

(iii) "പുതുതലമുറവ്യവസായങ്ങൾ" എന്നാൽ വ്യവസായ നയത്തിൽ വ്യക്തമാക്കുന്ന പ്രകാരമുള്ള പുതുതലമുറവ്യവസായങ്ങൾ എന്നർത്ഥമാകുന്നു;

(iv) "സ്പെഷ്യൽ പാക്കേജുകൾ" എന്നാൽ വ്യവസായ നയത്തിൽ വ്യക്തമാക്കുന്ന പ്രകാരമുള്ള സ്പെഷ്യൽ പാക്കേജുകൾ എന്നർത്ഥമാകുന്നു;

(v) "പ്രത്യേക ആവശ്യങ്ങൾ" എന്നാൽ വ്യവസായ നയത്തിൽ വ്യക്തമാക്കിയ പ്രകാരമുള്ള ഇളവുകൾക്ക് പുറമെയുള്ള ഇളവുകൾ എന്നർത്ഥമാകുന്നു.

13ഐ. കേരള സംസ്ഥാന നിക്ഷേപ പ്രോത്സാഹന നിരീക്ഷണ കമ്മിറ്റിയുടെ രൂപീകരണം.—(1) സർക്കാർ, ഗസറ്റ് വിജ്ഞാപനം വഴി, കേരള സംസ്ഥാന നിക്ഷേപ പ്രോത്സാഹന നിരീക്ഷണ കമ്മിറ്റി എന്ന പേരിൽ ഒരു കമ്മിറ്റി രൂപീകരിക്കേണ്ടതാണ്.

(2) കേരള സംസ്ഥാന നിക്ഷേപ പ്രോത്സാഹന നിരീക്ഷണ കമ്മിറ്റിയിൽ താഴെപ്പറയുന്ന അംഗങ്ങൾ ഉണ്ടായിരിക്കേണ്ടതാണ്, അതായത്:—

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

(എ)	ചീഫ് സെക്രട്ടറി	ചെയർപേഴ്സൺ
(ബി)	പ്രിൻസിപ്പൽ സെക്രട്ടറി, വ്യവസായ വകുപ്പ്	വൈസ് ചെയർപേഴ്സൺ
(സി)	പ്രിൻസിപ്പൽ സെക്രട്ടറി, ധനകാര്യ വകുപ്പ്	അംഗം
(ഡി)	പ്രിൻസിപ്പൽ സെക്രട്ടറി, റവന്യൂ വകുപ്പ്	അംഗം
(ഇ)	പ്രിൻസിപ്പൽ സെക്രട്ടറി, വിവര സാങ്കേതികവിദ്യ വകുപ്പ്	അംഗം
(എഫ്)	പ്രിൻസിപ്പൽ സെക്രട്ടറി, വിനോദ സഞ്ചാര വകുപ്പ്	അംഗം
(ജി)	പ്രിൻസിപ്പൽ സെക്രട്ടറി, ആരോഗ്യ കുടുംബക്ഷേമ വകുപ്പ്	അംഗം
(എച്ച്)	പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്	അംഗം
(ഐ)	പ്രിൻസിപ്പൽ സെക്രട്ടറി, ഊർജ്ജ വകുപ്പ്	അംഗം
(ജെ)	പ്രിൻസിപ്പൽ സെക്രട്ടറി, തൊഴിൽ വകുപ്പ്	അംഗം
(കെ)	ആവശ്യമുള്ള സാഹചര്യങ്ങളിൽ, ബന്ധപ്പെട്ട വകുപ്പിന്റെ ചുമതലയുള്ള പ്രിൻസിപ്പൽ സെക്രട്ടറി	പ്രത്യേക ക്ഷണിതാവ്
(എൽ)	മാനേജിംഗ് ഡയറക്ടർ, കേരള സംസ്ഥാന വ്യവസായ വികസന കോർപ്പറേഷൻ/ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, ഇൻവെസ്റ്റ് കേരള	അംഗം-കൺവീനർ.

13 ജെ. കേരള സംസ്ഥാന നിക്ഷേപ പ്രോത്സാഹന നിരീക്ഷണ കമ്മിറ്റിയുടെ അധികാരങ്ങളും ചുമതലകളും.—കേരള സംസ്ഥാന നിക്ഷേപ പ്രോത്സാഹന നിരീക്ഷണ കമ്മിറ്റി താഴെപ്പറയുന്ന അധികാരങ്ങൾ വിനിയോഗിക്കുകയും ചുമതലകൾ നിർവ്വഹിക്കുകയും ചെയ്യേണ്ടതാണ്, അതായത്:—

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

(എ) ചെയർപേഴ്സൺ നിശ്ചയിക്കുന്ന സ്ഥലത്തും സമയത്തും യോഗം ചേരുകയും, നിർണ്ണയിക്കപ്പെടാവുന്ന പ്രകാരമുള്ള നടപടിക്രമങ്ങൾ പ്രകാരം, കാര്യനിർവ്വഹണം നടത്തുകയും ചെയ്യുക;

(ബി) കേരള സംസ്ഥാന നിക്ഷേപ പ്രോത്സാഹന ബോർഡ് എടുക്കുന്ന തീരുമാനങ്ങൾ സമയബന്ധിതമായി നടപ്പിലാക്കുക;

(സി) കേരള സംസ്ഥാന നിക്ഷേപ പ്രോത്സാഹന ബോർഡ് എടുക്കുന്ന തീരുമാനങ്ങൾ നടപ്പിലാക്കുന്നതിന് ആവശ്യമായ നടപടിക്രമങ്ങളും റഗുലേഷനുകളും പുറപ്പെടുവിക്കുക;

(ഡി) വിവിധ വകുപ്പുകൾ തമ്മിലുള്ള ഏകോപനത്തിന് ആവശ്യമായ നടപടികൾ സ്വീകരിക്കുകയും സമയബന്ധിതമായി പദ്ധതികൾ നടപ്പിലാക്കുന്നതിനുള്ള മേൽനോട്ടം വഹിക്കുകയും ചെയ്യുക;

(ഇ) നിക്ഷേപ സാഹചര്യങ്ങൾക്ക് പ്രതിസന്ധിയായി ചട്ടങ്ങളോ നിർദ്ദേശങ്ങളോ നിലനിൽക്കുന്നുണ്ടെങ്കിൽ ആയത് ലഘൂകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുക.

വിശദീകരണം:—ഈ വകുപ്പിന്റെ ആവശ്യത്തിലേക്കായി, "പദ്ധതി" എന്നാൽ സർക്കാർ, ഗസറ്റ് വിജ്ഞാപനം വഴി, പ്രഖ്യാപിക്കുന്ന പദ്ധതി എന്നർത്ഥമാകുന്നു.

13 കെ. ഉദ്യോഗസ്ഥരും ജീവനക്കാരും.—കേരള ഇൻവെസ്റ്റ്മെന്റ് പ്രൊമോഷൻ ആന്റ് ഫെസിലിറ്റേഷൻ സെല്ലിലെ ഉദ്യോഗസ്ഥരും ജീവനക്കാരും, കേരള സംസ്ഥാന നിക്ഷേപ പ്രോത്സാഹന ബോർഡിന്റെയും കേരള സംസ്ഥാന നിക്ഷേപ പ്രോത്സാഹന നിരീക്ഷണ കമ്മിറ്റിയുടെയും ചുമതലകൾ നിർവ്വഹിക്കുന്നതിന് ആവശ്യമായ സഹായം നൽകേണ്ടതാണ്. കൂടാതെ, കാലാകാലങ്ങളിൽ, ബോർഡിന്റെ നടപടിക്രമങ്ങൾ സുഗമമാക്കുന്നതിന് നിർണ്ണയിക്കപ്പെടുന്ന രീതിയിൽ അത്തരത്തിലുള്ള വിദഗ്ധരുടെയും മറ്റും സേവനം ആവശ്യാനുസരണം ഉപയോഗപ്പെടുത്താവുന്നതാണ്.".

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

GOVERNMENT OF KERALA

Law (Legislation-C) Department

NOTIFICATION

No. 82/Leg. C3/2025/Law. *Dated, Thiruvananthapuram, 13th November, 2025*
27th Thulam, 1201
22nd Karthika, 1947.

In pursuance of clause (3) of Article 348 of the Constitution of India, the Governor of Kerala is pleased to authorise the publication in the Gazette of the following translation in English language of the Kerala Industrial Single Window Clearance Boards and Industrial Township Area Development (Amendment) Act, 2025 (15 of 2025).

By order of the Governor,

K. G. SANAL KUMAR,
Law Secretary.

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

[Translation in English of "2025-ലെ കേരള വ്യവസായ ഏകജാലക ക്ലിയറൻസ് ബോർഡുകളും വ്യവസായ നഗരപ്രദേശ വികസനവും (ഭേദഗതി) ആക്റ്റ്" published under the authority of the Governor.]

ACT 15 OF 2025

THE KERALA INDUSTRIAL SINGLE WINDOW CLEARANCE BOARDS AND INDUSTRIAL TOWNSHIP AREA DEVELOPMENT (AMENDMENT) ACT, 2025

An Act further to amend the Kerala Industrial Single Window Clearance Boards and Industrial Township Area Development Act, 1999.

Preamble.—WHEREAS, it is expedient further to amend the Kerala Industrial Single Window Clearance Boards and Industrial Township Area Development Act, 1999 for the purposes hereinafter appearing;

BE it enacted in the Seventy–sixth year of the Republic of India as follows:—

1. *Short title and commencement*.—(1) This Act may be called the Kerala Industrial Single Window Clearance Boards and Industrial Township Area Development (Amendment) Act, 2025.

(2) It shall come into force at once.

2. *Amendment of long title*.—In the Kerala Industrial Single Window Clearance Boards and Industrial Township Area Development Act, 1999 (5 of 2000) (hereinafter referred to as the principal Act), in the long title, after the words "modernisation of enterprises" the words "and to promote investment" shall be inserted.

3. *Amendment of preamble*.—In the preamble, after the words "licenses for enterprises" the words "and to promote investment" shall be inserted.

4. *Amendment of section 2*.—In section 2 of the principal Act, after clause (i) the following clauses shall be substituted, namely:—

"(ia) "Kerala Investment Promotion and Facilitation Cell" means the Kerala Investment Promotion and Facilitation Cell as referred in sub-section (2) of section 6C of the Kerala Micro Small Medium Enterprises and Other Enterprises Facilitation Act, 2019 (16 of 2019);

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

(ib) "Kerala State Investment Promotion Board" means Kerala State Investment Promotion Board constituted under section 13 G;

(ic) "Kerala State Investment Promotion Monitoring Committee" means Kerala State Investment Promotion Monitoring Committee constituted under section 13 I;".

5. *Insertion of new Chapter after Chapter II A.*—In the principal Act, after Chapter II A, the following Chapter shall be inserted, namely:—

"CHAPTER II B

KERALA STATE INVESTMENT PROMOTION BOARD AND KERALA STATE INVESTMENT PROMOTION MONITORING COMMITTEE

"13 G. *Constitution of Kerala State Investment Promotion Board*.—(1) The Government shall, by notification in the Gazette, constitute a Board to be called "Kerala State Investment Promotion Board".

(2) The Kerala State Investment Promotion Board shall consists of the following members, namely:—

(a)	Chief Minister	Chairperson
(b)	Minister for Industries	Co-Chairperson
(c)	Minister for Finance	Vice Chairperson
(d)	Minister for Revenue	Vice Chairperson
(e)	Minister for Labour	Vice Chairperson
(f)	Minister for Local Self Government Department	Vice Chairperson
(g)	Minister for Power	Vice Chairperson
(h)	Chief Secretary	Member Secretary
(i)	Chairperson, Confederation of Indian Industry (Kerala State Council)	Member
(j)	Chairperson, Federation of Indian Chambers of Commerce and Industry (Kerala Region)	Member
(k)	Chairperson, Kerala State Industrial Development Corporation	Member
(l)	Principal Secretary, Industries Department	Convenor

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

13 H. *Powers and functions of the Kerala State Investment Promotion Board*.—The Kerala State Investment Promotion Board shall exercise the following powers and perform functions, namely:—

(a) to convene meeting at such time and place fixed by the Chairperson and transact the business;

(b) to take steps to resolve the difficulties, if any, which may arise while implementing the industrial policy;

(c) to take a co-ordinated decision for allowing relaxations declared in the industrial policy;

(d) to take decision, in respect of special packages to be granted in special circumstances, in addition to the relaxations declared in the industrial policy;

(e) to take decision with regard to the action to be taken on such specific demands made by investors making large scale investments with specific demands, after considering the tax, royalty and relaxations needed for capital investment;

(f) to take measures to revive the industries that existed in the land acquired for industrial purpose and were defunct and to start industries including new generation industries in such land;

(g) to take steps to make consensus among various departments so as to facilitate the setting up of enterprise, by the large scale investors.

(h) any person who intends to make investment to set up an enterprise in the State may approach Kerala State Investment Promotion Board for instructions required for investment and the said Board may provide instructions to such person;

(i) to take steps to find and reach out to the domestic and foreign investors towards priority investment sectors targeted by the Government.

Explanation.—For the purpose of this section,—

(i) "industrial policy" means the industrial policy declared by the Government in power from time to time;

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

(ii) “large scale investor” means an investor who makes capital investment above hundred crores of rupees;

(iii) “new generation industries” means the new generation industries as specified in the industrial policy;

(iv) “special package” means special package as specified in the industrial policy;

(v) “specific demand” means relaxations in addition to the relaxations as specified in the industrial policy.

13 I. *Constitution of Kerala State Investment Promotion Monitoring Committee.*—(1) The Government shall, by notification in the Gazette, constitute a committee to be called Kerala State Investment Promotion Monitoring Committee.

(2) The Kerala State Investment Promotion Monitoring Committee consists of the following members, namely:—

(a)	Chief Secretary	Chairperson
(b)	Principal Secretary, Industries Department	Vice Chairperson
(c)	Principal Secretary, Finance Department	Member
(d)	Principal Secretary, Revenue Department	Member
(e)	Principal Secretary, Information Technology Department	Member
(f)	Principal Secretary, Tourism Department	Member
(g)	Principal Secretary, Health and Family Welfare Department	Member
(h)	Principal Secretary, Local Self Government Department	Member
(i)	Principal Secretary, Power Department	Member
(j)	Principal Secretary, Labour Department	Member
(k)	In necessary circumstances, Principal Secretary of the Department concerned	Special invitee

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

(l)	Managing Director, Kerala State Industrial Development Corporation/Chief Executive Officer, Invest Kerala	Member-Convenor.

13 J. *Powers and functions of Kerala State Investment Promotion Monitoring Committee*.—The Kerala State Investment Promotion Monitoring Committee shall exercise the following powers and perform functions, namely:—

(a) to convene meeting at such time and place as the Chairperson may fix and transact business in the manner as may be prescribed;

(b) to implement the decisions taken by the Kerala State Investment Promotion Board in a time bound manner;

(c) to issue the necessary proceedings and regulations for the implementation of decisions taken by the Kerala State Investment Promotion Board;

(d) to take steps for the co-ordination of various departments and monitor the implementation of the schemes in time bound manner;

(e) to take steps to simplify rules or directions, if any, existing against the investment climate.

Explanation.—For the purpose of this section "scheme" means the scheme as declared by the Government by notification in the Gazette.

13 K. *Officers and Staff*.—The officers and staff of the Kerala Investment Promotion and Facilitation Cell shall support the Kerala State Investment Promotion Board and the Kerala State Investment Promotion Monitoring Committee in discharging their functions. Further, the services of such experts and others may be utilised as required from time to time, in the prescribed manner for facilitating the procedures of the Board.

PUBLISHED BY THE SUPERINTENDENT OF GOVERNMENT PRESSES
AT THE GOVERNMENT CENTRAL PRESS, THIRUVANANTHAPURAM, 2025

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

Digitally signed by VEERAN T
Date:2025.11.17 01:51:13 +05:30